(സി) അട്ടപ്പാടി ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 15 അംഗങ്ങൾ ഉള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ-1, എക്സൈസ് ഇൻസ്പെക്ടർ-1, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ-1, പ്രിവന്റീവ് ഓഫീസർ-3, സിവിൽ എക്സൈസ് ഓഫീസർ-8, എക്സൈസ് ഡ്രൈവർ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്വാഡിന്റെ രൂപീകരണം ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം വരുത്തിയിട്ടുണ്ട്. ആദിവാസി ഊരുകളിലെ ഊരുമൂപ്പൻമാർ, അട്ടപ്പാടിയിലെ സന്നദ്ധ സംഘടനകൾ, കോളേജുകൾ, സ്കൂളുകൾ, ഐ.റ്റി.ഐ., പോളിടെക്നിക്കുകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. പോലീസ് ഫോറസ്റ്റ് വകുപ്പുകളുമായി ചേർന്നും സംയുക്ത റെയ്ഡുകൾ നടത്തിവരുന്നു.

വാഹനങ്ങളിൽ വെയറബിൾ സ്ലീപ്പ് അലാം

19 (*169) ശ്രീമതി ഗീതാ ഗോപി :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ വെയറബിൾ സ്ലീപ്പ് അലാം നിർബ്ബന്ധമാക്കുന്നതു സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം നിർബന്ധമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) സമിതിയെ നിയോഗിച്ചിട്ടില്ല. ഇതിനായി ഗതാഗത വകുപ്പ് സെക്രട്ടറിയെയും ഗതാഗത കമ്മീഷണറെയും ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് ഈ വിഷയം സംബന്ധിച്ച് അഭിപ്രായം അറിയിക്കാൻ നാറ്റ്പാക്കിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) നാറ്റ്പാക്കിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സംവിധാനം നിർബന്ധമാക്കുന്നതിനെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. ഏതായാലും നാറ്റ്പാക്കിന്റെ റിപ്പോർട്ട് ലഭിക്കുമ്പോൾ അത് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

വനാവകാശ നിയമം

20 (*170) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിൽ ആദിവാസി വിഭാഗങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഈ നിയമം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ, വനം, പട്ടികവർഗ്ഗ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം പലയിടങ്ങളിലും വനാവകാശത്തിനുള്ള ആദിവാസികളുടെ അപേക്ഷകൾ റദ്ദുചെയ്യുകയും കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്രപട്ടികവർഗ്ഗ മന്ത്രാലയം 2015 ഡിസംബറിനകം വനാവകാശ നിയമം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ;

(സി) പ്രസ്തുത നിയമം നടപ്പിലാക്കാത്തത് വനം മാഫിയകൾക്കാണ് സഹായകരമാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. 2006-ലെ കേന്ദ്ര വനാവകാശ നിയമം കേരളത്തിൽ 1-1-2008 മുതൽ നടപ്പിലാക്കിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വനാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളിന്മേൽ 2015 ഡിസംബറിനകം തീർപ്പുകൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്മേൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വനാവകാശ നിയമം സംസ്ഥാനത്ത് മുന്തിയ പ്രാധാന്യം നൽകിയാണ് നടപ്പാക്കുന്നത്. അതിനാൽ വനം മാഫിയകൾക്ക് സഹായകരമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly